APCCF (FMIS)

# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

**ഹാജർ: ജി.ഹരികുമാർ ഐ.എഫ്.എസ്**

**വിഷയം:** വനംവകുപ്പ് - ശബരിമല മണ്ഡലപൂജ - മകരവിളക്ക് മഹോത്സവം 2015-16 - ശബരിമല സന്നിധാനത്തും പമ്പയിലും വനം വകുപ്പിന്റെ കൺട്രോൾ റൂം സ്ഥാപിച്ച് ജീവനക്കാരെ നിയോഗിച്ചു കൊണ്ടുളള ഉത്തരവിൽ ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന:**

1 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 10-10-2015 ലെ ഡി2-16893/2015 നമ്പർ നടപടി ഉത്തരവ്.

2 സാമൂഹ്യ വനവൽക്കരണ വിഭാഗം, പത്തനംതിട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. എം. ഷാനവാസ് ഖാന്റെ 19.10.2015 തീയതിയിലെ അപേക്ഷ.

## നടപടി ഉത്തരവ് നമ്പർ ഡി2- 16893/2015 തീയതി : 28.10.2015.

2015-16 കാലയളവിലെ ശബരിമല മണ്ഡലപൂജ - മകരവിളക്ക് ഉത്സവകാലത്ത് വനം വകുപ്പിന്റെ ഭാഗത്ത് നിന്ന് വേണ്ടുന്ന ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു കോ-ഓർഡിനേറ്ററെ നിയമിച്ചു കൊണ്ടും ശബരിമലയിലും സന്നിധാനത്തും പമ്പയിലും ഫോറസ്റ്റ് കൺട്രോൾ റൂം സ്ഥാപിച്ച് പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിനുളള ഉദ്യോഗസ്ഥരെ നിയോഗിച്ചു കൊണ്ടും പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. ആയതു പ്രകാരം പത്തനംതിട്ട സാമൂഹ്യ വനവൽക്കരണ വിഭാഗം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ, ശ്രീ. എം. ഷാനവാസ് ഖാനെ 16-12-2015 മുതൽ 31-12-2015 വരെ പമ്പയിലെ കൺട്രോൾ റൂമിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്കു നിയോഗിച്ചിരുന്നു. എന്നാൽ കുടുംബപരമായ കാരണങ്ങളാൽ ടിയാനെ ശബരിമല സ്പെഷ്യൽ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കണമെന്ന് പരാമർശം രണ്ട് പ്രകാരം ടിയാൻ അപേക്ഷ നൽകിയിട്ടുണ്ട്.

സൂചന (2) അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് പരാമർശം (1) ഉത്തരവ് ഭാഗികമായി ഭേദഗതി വരുത്തി ശ്രീ. എം. ഷാനവാസ് ഖാൻ റെയിഞ്ച്

ഫോറസ്റ്റ് ഓഫീസറെ പമ്പ കൺട്രോൾ റൂം ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കികൊണ്ടും ടിയാനു പകരം 16.12.2015 മുതൽ 31.12.2015 ലെ പമ്പയിലെ കൺട്രോൾ റൂമിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്കായി പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനിലെ ടെക്നിക്കൽ അസിസ്റ്റന്റായി സേവനമനുഷ്ടിക്കുന്ന ശ്രീ. പി. ഹിലാൽ ബാബുവിനെ (9495017699) ഡ്യൂട്ടിയ്ക്ക് നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ**

**പകർപ്പ്:**

1. ശ്രീ. എം. ഷാനവാസ് ഖാൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സാമൂഹ്യ വനവൽക്കരണ വിഭാഗം പത്തനംതിട്ട റെയിഞ്ചിന് നൽകുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റീജീയണൽ സൗത്ത്, കൊല്ലം.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വർക്കിംഗ് പ്ലാൻ), തിരുവനന്തപുരം.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, & ഫിൽഡ് ഡയറക്ടർ, പ്രൊജക്ട് ടൈഗർ, കോട്ടയം.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം.
6. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (സോഷ്യൽ ഫോറസ്ട്രി), കൊല്ലം.
7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി/കോന്നി.
8. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, (ഫ്ളയിംഗ് സ്ക്വാഡ്) പുനലൂർ/തിരുവനന്തപുരം.
9. കമ്മീഷണർ, തിരുവനന്തപുരം ദേവസ്വം ബോർഡ്.
10. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്/ സോഷ്യൽ ഫോറസ്ട്രി, വിജിലൻസ്/ ഡി.&പി.എഫ്.എം.
11. ബഹു: വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്, കവറിംഗ് ലെറ്റർ സഹിതം.
12. ശ്രീ. പി. ഹിലാൽ ബാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ & ടെക്നിക്കൽ അസിസ്റ്റന്റ്, പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ
13. സ്പെഷ്യൽ കമ്മീഷണർ, സദനം റോഡ്, ശബരിമല